**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **23-01-2025 - ൽ മറുപടിയ്ക്ക്**

**അളവുതൂക്ക സംവിധാനങ്ങളുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലെ അളവുതൂക്ക സംവിധാനങ്ങൾ പരിശോധിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് വ്യാപാരസ്ഥാപനങ്ങളിലെ അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി ഇൻസ്പെക്ടർ ഓഫീസും ജില്ലകളിലെ ആസ്ഥാനതാലൂക്കിൽ അസിസ്റ്റന്റ് കൺട്രോളർ ഓഫീസും ജില്ലാ തലത്തിൽ ഡെപ്യൂട്ടി കൺട്രോളർ ഓഫീസും പ്രവർത്തിക്കുന്നുണ്ട്. വ്യാപാരസ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ അധികാര പരിധിയുള്ള ഓഫീസുകളിൽ ഹാജരാക്കിയോ ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ എത്തിയോ വകുപ്പിന്റെ കൃത്യത ഉറപ്പ് വരുത്തിയ ഉപകരണങ്ങൾ ഉപയോഗിച്ച് അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്. ഇലക്ട്രോണിക് ബാലൻസുകൾ ,വെയ് ബ്രിഡ്ജുകൾ, പെട്രോൾ പമ്പുകൾ തുടങ്ങിയ ഉപകരണങ്ങൾ വർഷത്തിൽ ഒരിക്കലും മേശ ത്രാസ്സ്, കോൽത്രാസ്സ്, കട്ടികൾ, അളവ് പാത്രങ്ങൾ എന്നിവ രണ്ട് വർഷത്തിൽ ഒരിക്കലും പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നു. ഇത്തരത്തിൽ യഥാസമയം പുനപരിശോധനക്ക് ഹാജരാക്കി മുദ്ര ചെയ്യാത്ത ഉപകരണങ്ങൾ ഉപയോഗിക്കുന്ന വ്യാപാരികൾക്കെതിരെ പരിശോധന നടത്തി പിഴ ഈടാക്കുകയോ കോടതി നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യാത്തതിന് 27,662 കേസുകൾ കണ്ടെത്തുകയും 5,41,09,506/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ